**ഏ.സി.എച്ച്/2018**

**08.10.2018.**

# പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനം - 2018

**ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് മേഖലാതലത്തിലുള്ള സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. തിരുവനന്തപുരം മേഖലയിൽ ഒക്ടോബർ 11-നും ആലപ്പുഴ മേഖലയിൽ ഒക്ടോബർ 12-നും കൊല്ലം, അടൂർ മേഖലകളിൽ ഒക്ടോബർ 15-നും**

2018-19-ലെ ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള ജനറൽ/മറ്റ് സംവരണസീറ്റുകളിലേയ്ക്ക് മേഖലാതലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. തിരുവനന്തപുരം മേഖലയിൽ ഒക്ടോബർ 11-നും ആലപ്പുഴ മേഖലയിൽ ഒക്ടോബർ 12-നും കൊല്ലം, അടൂർ മേഖലകളിൽ ഒക്ടോബർ 15-നുമാണ് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നത്. ഓരോ മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടേയും ഒഴിവുള്ള സീറ്റുകളുടെയും വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കും.

തിരുവനന്തപുരം മേഖലയിലുള്ള കോളേജുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **ഒക്ടോബർ 11-ന് കേരള സർവകലാശാല സെനറ്റ് ഹാളിലും** ആലപ്പുഴ മേഖലയിലുള്ള കോളേജുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഒക്ടോബർ 12 -നു **ആലപ്പുഴ എസ്.ഡി. കോളേജിലും** ഹാജരാകേണ്ടതാണ്. കൊല്ലം മേഖലയിലുള്ള കോളേജുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **കൊല്ലം എസ്.എൻ. കോളേജിലും** അടൂർ മേഖലയിലുള്ള കോളേജുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **അടൂർ സെന്റ് സിറിൾസ് കോളേജിലും ഒക്ടോബർ 15-ന്** ഹാജരാകണം.

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ രാവിലെ 9 മണിക്കും 11 മണിക്കും മദ്ധ്യേ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി രജിസ്റ്റർ ചെയ്യേണ്ടതാണ്. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന ആർക്കും തന്നെ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ പ്രത്യേക സമയം അനുവദിക്കുന്നതല്ല. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം (രാവിലെ 9 മുതൽ 11 മണി വരെ) കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

രജിസ്ട്രേഷൻ സമയത്ത് റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും സർവകലാശാല തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നടത്തുക. ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ അഭാവത്തിൽ മാത്രമേ ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്തവരെ പരിഗണിക്കുകയുള്ളൂ.

അലോട്ട്മെന്റ് ലഭിച്ചാൽ ഉടൻ തന്നെ ഒടുക്കേണ്ടതായ പ്രവേശന ഫീസ് (ജനറൽ/എസ്.സി.ബി.സി. വിഭാഗങ്ങൾക്ക് 900/- രൂപയും ഒ.ഇ.സി./ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് 340/- രൂപയും) കൈയിൽ കരുതേണ്ടതാണ്. ഇതിനായി കൂടുതൽ സമയം അനുവദിക്കുന്നതല്ല. പ്രവേശന ഫീസ് മുൻപ് ഒടുക്കിയിട്ടുള്ള വിദ്യാർത്ഥികൾ ഈ തുക വീണ്ടും ഒടുക്കേണ്ടതില്ല. ആയതിനാൽ അവർ ഈ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് നിശ്ചയമായും കൈവശം സൂക്ഷിക്കേണ്ടതാണ്.

ജനറൽ/മറ്റ് സംവരണവിഭാഗങ്ങൾക്കുള്ള സ്പോട്ട് അലോട്ട്മെന്റ് ആരംഭിക്കുന്നതിന് മുൻപ് എസ്.സി./എസ്.ടി.വിഭാഗങ്ങൾക്ക് ഒരു അവസരം കൂടി നൽകുന്നതാണ്. എസ്.സി/എസ്.ടി. സംവരണസീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ മേൽപ്പറഞ്ഞ തീയതികളിലും സ്ഥലങ്ങളിലും രാവിലെ 9 മണിക്ക് ഹാജരാകണം. എസ്.സി./എസ്.ടി. വിഭാഗങ്ങളിലുള്ളവരെ പരിഗണിച്ചശേഷം ആ വിഭാഗങ്ങളിൽ ഒഴിവുവരുന്ന സീറ്റുകൾ നിയമാനുസൃതമായി മറ്റ് വിഭാഗങ്ങളിലേയ്ക്ക് മാറ്റുന്നതാണ്.

**Sd/-**
**രജിസ്ട്രാർ (i/c)**

(**പ്രത്യേക കുറിപ്പ്:** എല്ലാ എഡിഷനുകളിലും ഒക്ടോബർ 09,10,11 തീയതികളിൽ പ്രസിദ്ധീകരിക്കുന്നതിന്)